6. പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനം.

7. അയ്യങ്കാളി ടാലന്റ് സെർച്ച്, ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്

8. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

9. വിദ്യാഭ്യാസാനുകൂല്യം

10. പ്രീമെട്രിക് ഹോസ്റ്റൽ

11. SCA TO SCP

12. ടോയ്‌ലറ്റ് സ്കീം, വിജ്ഞാൻവാടി സ്റ്റഡി ടൂർ മുതലായവ

13. സ്വയംതൊഴിൽ പദ്ധതി

14. ഭവന പുനരുദ്ധാരണ പദ്ധതി.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം പടിഞ്ഞാറത്തറ പഞ്ചായത്തിൽപ്പെട്ട കൊറ്റിയാട്ട്കുന്ന്, ചെമ്പകമറ്റ, പാറനിരപ്പ് കുന്ന്, കോളനികൾ വകയിരുത്തിയ തുക 3 കോടി രൂപ.

2. ഭൂമി വാങ്ങൽ പദ്ധതി-പദ്ധതി പൂർത്തീകരിച്ചുവരുന്നു.

വകയിരുത്തിയ തുക - 1,76,25000

3. ചികിത്സാ ധനസഹായം - 15,00,000

**ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട്**

279(980) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 3,00,000 (മൂന്ന് ലക്ഷം) രൂപയും ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതിപ്രകാരം 3,50,000 (മൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിച്ചുവരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങളുടെയും പുനരധിവാസമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഡയറക്ടർ തലത്തിൽ ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം**

280(981) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണത്തിനായി അനുവദിക്കുന്ന തുകയിൽ സർക്കാർ വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ല എന്നത് സംബന്ധിച്ച ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന IAY (ഐ.എ.വൈ) പദ്ധതി പ്രകാരം പണി പൂർത്തിയായതും അല്ലാത്തതുമായ വീടുകളുടെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly